**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പെൻഷൻ ഭവൻ (കെട്ടിട നമ്പർ 3/74) - വസ്തു നികുതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1647/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 01.08.2019

പരാമർശം: 1. കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ കൊല്ലങ്കോട് ബ്ലോക്ക് സെക്രട്ടറിയുടെ 17.11.2017-ലെ നിവേദനം.

2. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.05.2017-ലെ 6(5)-ാം നമ്പർ തീരുമാനം

3. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.10.2018-ലെയും 21.01.2019-ലെയും സി1-74/86/2018 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെൻഷൻ ഭവൻ (കെട്ടിട നമ്പർ 3/74) കെട്ടിടം പൊതുപരിപാടികൾക്ക് സൗജന്യമായി ഉപയോഗിക്കുവാൻ നൽകുന്നെന്നും അതിനാൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കണമെന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. പെൻഷൻ ഭവൻ കെട്ടിടം വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളുടെ പരിപാടികൾക്ക് വാടകയില്ലാതെ നൽകുന്നുവെന്നതിനാൽ പെൻഷൻ ഭവന്റെ വസ്തുനികുതി സർക്കാർ അനുവാദത്തോടെ ഒഴിവാക്കി നൽകാമെന്ന് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. 2018-19 വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കിയ ശേഷം സർക്കാർ തീരുമാനപ്രകാരം 2019-20 സാമ്പത്തികവർഷം മുതൽ വസ്തുനികുതി ഇളവനുവദിക്കാമെന്ന് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കൊല്ലങ്കോട് പെൻഷൻ ഭവൻ കെട്ടിടത്തെ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കണമെന്ന വ്യവസ്ഥയിൽ പരാമർശം (2), (3) ശുപാർശ പരിഗണിച്ച് പഞ്ചായത്ത് രാജ് ആക്ട് 207(2) പ്രകാരം, 2019-20 സാമ്പത്തികവർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. 2018-19 വരെ കുടിശ്ശികയുള്ള വസ്തുനികുതി പിഴയില്ലാതെ പെൻഷൻ ഭവൻ അധികൃതർ ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. സ്ഥാപനം ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നുവെന്ന റിപ്പോർട്ട് പെൻഷൻ ഭവൻ അധികൃതർ

*-+-/ഓരോ വർഷവും മാർച്ച് 1-നു മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതും ഇക്കാര്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മദീന ബീഗം
അണ്ടർ സെക്രട്ടറി

സെക്രട്ടറി,
കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ, കൊല്ലങ്കോട് ബ്ലോക്ക്, പാലക്കാട് -678506
സെക്രട്ടറി, കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (നം.ആർ.സി.2/79/2018/ത.സ്വ.ഭ.വ.)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ